"ഭരണഭാഷ മാതൃഭാഷ"

കുരുന്നുകൾക്ക് ചിറകേകി 45ന്റെ നിറവിൽ

## വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## സാന്നിദ്ധ്യം: അനുപമ റ്റി.വി.ഐ.എ.എസ്

**ഉത്തരവ് നം:ICDS/B1-1092/2020** **തിരുവനന്തപുരം, തീയതി:01.12.2020**

വിഷയം :- വനിതാ ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ്- അങ്കണവാടി തലത്തിൽ IEC പ്രവർത്തനങ്ങൾക്കായുള്ള 2020-21ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. കേന്ദ്രസർക്കാരിന്റെ 25.10.2019 തിയതിയിലെ നമ്പർ CD-II-14/4/2018-CD-II നമ്പർ കത്ത്

2. ഈ കാര്യാലയത്തിൽ നിന്നുള്ള 03.03.2020 തിയതിയിലെ ഇതേ നമ്പർ ഉത്തരവ്.

3. കേന്ദ്രസർക്കാരിന്റെ 08.10.2020 തിയതിയിലെ നമ്പർ F.No.14/4/2018-CD-II- നമ്പർ കേന്ദ്ര സർക്കാർ കത്ത്.

2019-2020 സാമ്പത്തിക വർഷം IEC പ്രവർത്തനങ്ങൾക്കായി അങ്കണവാടി തലത്തിൽ ഒരു അങ്കണവാടിക്ക് 1000 /- രൂപ നിരക്കിൽ 33115 അങ്കണവാടികളിലേക്ക് 331 .15 ലക്ഷം രൂപ 60:40 അനുപാതത്തിൽ ചെലവഴിക്കുന്നതിന് കേന്ദ്രസർക്കാർ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു . അപ്രകാരം കേന്ദ്ര സർക്കാർ വിഹിതമായി ലഭ്യമായിട്ടുള്ള Rs 198 .69 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി വകയിരുത്തിയിട്ടുള്ള Rs 132 .46 ലക്ഷം രൂപയും ഉൾപ്പടെ ആകെ Rs 331 .15 ലക്ഷം രൂപ ( മൂന്ന് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) 2019-2020 സാമ്പത്തിക വർഷത്തെ 2235-02-102-47-34(OC) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും, IEC പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക 10 അങ്കണവാടികളെ സംയോജിപ്പിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിൽ ഒരു മികച്ച IEC പ്രവർത്തനം നടത്തുന്നതിനും പരാമർശം (2) പ്രകാരം എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട് .

എന്നാൽ സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി രാജ്യവ്യാപകമായി ലോക്ഡൗൺ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ IEC പ്രവർത്തനം പൂർണ്ണമായി നടത്തുവാൻ സാധിച്ചിരുന്നില്ല. 2019-2020 സാമ്പത്തിക വർഷം IEC പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക 2020-21 സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് പുന:നിർണ്ണയിച്ചുകൊണ്ട് (Revalidate) കേന്ദ്രസർക്കാർ പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. അതോടൊപ്പം കേന്ദ്രവിഹിതമായ 60%



PDF processed with CutePDF evaluation edition www.CutePDF.com

തുകയായ 198.69 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് കേന്ദ്രസർക്കാർ തുക അനുവദിച്ചിട്ടുണ്ട്.

ഐ സി ഡി എസ് മിഷൻ 30-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം 2019-2020 സാമ്പത്തിക വർഷത്തെ IEC പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്ത ICDS പ്രോജക്ടുകൾക്ക് തുക 2020 -21 വർഷത്തെ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. IEC പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക ചുവടെ പറയുന്ന 4 ഇനങ്ങളിൽ ഉൾപ്പെടുത്തി അങ്കണവാടി തലത്തിൽ വിനിയോഗിക്കാവുന്നതാണ് .

ഇനം നം .1: <u>പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് ഭരണ സമിതി / കൗൺസിൽ അംഗങ്ങൾക്ക് ICDS പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നൽകുക</u>

അധികാര വികേന്ദ്രീകരണത്തിൻറെ ഫലമായി ജനകീയ ആസൂത്രണ പദ്ധതികൾ ഗ്രാമസഭ മുഖേന നടത്തുന്നതിനാൽ അങ്കണവാടി പ്രവർത്തനങ്ങൾക്ക് മികച്ച പിന്തുണ നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നു . എന്നാൽ ഭരണ കർത്താക്കൾക്ക് അങ്കണവാടികളുടെ സേവനങ്ങളെക്കുറിച്ചുള്ള അവഗാഹക്കുറവ് അവയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഒരു പരിധി വരെ വിഘാതമായേക്കാം . നിലവിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കാലാവധി നവംബർ മാസത്തോടുകൂടി അവസാനിക്കുകയാണ് .പഞ്ചായത്ത് ഇലക്ഷനെ തുടർന്ന് അധികാരമേൽക്കുന്ന പുതിയ ഭരണസമിതി അംഗങ്ങൾക്കും അങ്കണവാടി കേന്ദ്രങ്ങൾ നൽകി വരുന്ന സേവനങ്ങൾ , അങ്കണവാടികളുടെ പ്രവർത്തനലക്ഷ്യം മുതലായവ സംബന്ധിച്ച് അവബോധം നൽകേണ്ടതുണ്ട്.

പഞ്ചായത്ത് ഇലക്ഷന് ശേഷം അധികാരത്തിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെ പുതിയ ഭരണ സമിതിക്ക് അങ്കണവാടികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ,സേവനങ്ങൾ , പ്രവർത്തന രീതികൾ ഇവയിൽ അവബോധം നൽകുന്നത് അങ്കണവാടികളുടെ തുടർന്നുള്ള മികച്ച പ്രവർത്തനങ്ങൾക്ക് സാധിക്കും . ആയതിനാൽ ഇതിലേക്കായി അങ്കണവാടി ഒന്നിന് 200 /-രൂപ ക്രമത്തിൽ ഫണ്ട് വകയിരുത്തി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെ മുഴുവൻ ജനപ്രതിനിധി അംഗങ്ങൾക്കും (പഞ്ചായത്ത് ,ബ്ലോക്ക് ഡിവിഷനിൽ ,ജില്ലാ പഞ്ചായത്ത് ) ICDS പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നൽകാവുന്നതാണ്. **ടി പ്രോഗ്രാമിന്റെ നിർവ്വഹണന ചുമതല പഞ്ചായത്ത് മുൻസിപ്പാലിറ്റികളിൽ ICDS സൂപ്പർവൈസറും കോർപ്പറേഷനിൽ CDPO യും വഹിക്കേണ്ടതാണ്** .

[ടി വിഷയവുമായി ബന്ധപ്പെട്ട ബ്രോഷർ ലഭ്യമാകുന്നുന്നതാണ്].

ടി തുക വിനിയോഗിക്കുമ്പോൾ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .

1. പഞ്ചായത്ത് തലത്തിൽ / ICDS പ്രോജക്ട് തലത്തിൽ കുറഞ്ഞത് 20 അങ്കണവാടികളെ സംയോജിപ്പിച്ചുകൊണ്ട് IEC പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്. .എന്നാൽ അങ്കണവാടികളുടെ എണ്ണം പഞ്ചായത്ത് തലത്തിൽ ക്രമപ്പെടുത്താവുന്നതാണ് . .

2. പ്രസ്തുത പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോട് കൂടി ഏകദിന പ്രോഗ്രാമായി സംഘടിപ്പിക്കാവുന്നതാണ് .

3. ടി പ്രോഗ്രാമിനാവശ്യമായ ബാനർ ,റിഫ്രഷ്മെന്റ് ,സൗണ്ട് സിസ്റ്റം ,ഹാൾ ,ഡോക്യുമെന്റേഷൻ എന്നീ ആവശ്യങ്ങൾ ആകെ അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടുള്ള (ഉദാ:20x200=4000) തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ് .

**ഇനം നം .2: ALMSC അംഗങ്ങൾക്കായിട്ടുള്ള ബോധവൽക്കരണം**

നിലവിലെ തദ്ദേശ സ്വയം ഭരണ തെരെഞ്ഞെടുപ്പിനെത്തുടർന്ന് പുതിയ ഭരണ സമിതി അംഗങ്ങൾ അധികാരമേൽക്കുന്നതോട് കൂടി അങ്കണവാടികളിൽ നിലവിൽ വരുന്ന പുതിയ ALMSC അംഗങ്ങൾക്ക് ICDS പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം നൽകുന്നത് അങ്കണവാടികൾക്ക് മികച്ച ജനകീയ പിന്തുണ ഉറപ്പാക്കുന്നതിനും ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനും അങ്കണവാടികളുടെ ഭൗതീക സാഹചര്യങ്ങളുടെ വികസനത്തിനും കാരണമാകുന്നതാണ് . . പ്രോഗ്രാമിന്റെ പൂർണ്ണ ചുമതല അതാത് ICDS സൂപ്പർവൈസർമാർക്കായിരിക്കും.

ഇതിലേക്കായി അങ്കണവാടി ഒന്നിന് 300 /- രൂപ ക്രമത്തിൽ ഫണ്ട് വകയിരുത്താവുന്നതാണ്. ടി തുക വിനിയോഗിക്കുമ്പോൾ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1. പഞ്ചായത്ത് തലത്തിൽ / ICDS പ്രോജക്ട് തലത്തിൽ 5 അങ്കണവാടികളെ സംയോജിപ്പിച്ചുകൊണ്ട് ഈ IEC പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്. . എന്നാൽ അങ്കണവാടികളുടെ എണ്ണം പഞ്ചായത്ത് തലത്തിൽ ക്രമപ്പെടുത്താവുന്നതാണ്. (അതത് സമയത്തെ കോവിഡ് മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ് .)

2. പ്രസ്തുത പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോട് കൂടി ഏകദിന പ്രോഗ്രാമായി സംഘടിപ്പിക്കാവുന്നതാണ് .

3. ടി പ്രോഗ്രാമിനാവശ്യമായ ബാനർ ,റിഫ്രെഷ്മെന്റ് ,സൗണ്ട് സിസ്റ്റം ,ഹാൾ ,ഡോക്യുമെന്റേഷൻ എന്നീ ആവശ്യങ്ങൾ അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായ (ഉദാ:5x300=1500 രൂപ) തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ് .

- **മേൽ പരാമർശിച്ചിട്ടുള്ള ഇനം 1,2 IEC പ്രവർത്തനങ്ങൾക്കായി പ്രോഗ്രാം നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സൗണ്ട് സിസ്റ്റം ,ഹാൾ എന്നിവ ലഭ്യമാക്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർ ,ICDS സൂപ്പർവൈസർമാർ എന്നിവർ നടപടി സ്വീകരിക്കേണ്ടതാണ്.**

- **പരാമർശ വിഷയങ്ങളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് ഹോണറേറിയം നൽകേണ്ടതില്ല .**

ഇനം നം .3 : **<u>അങ്കണവാടി ഗുണഭോക്താക്കൾക്കായിട്ടുള്ള ബ്രോഷർ</u>**

അങ്കണവാടി ഗുണഭോക്താക്കൾക്ക് അങ്കണവാടിയിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ , അങ്കണവാടിയുടെ ലക്ഷ്യം ,ഗുണഭോക്താക്കൾക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ,പോഷണ നിലവാരം ,ആഹാരചര്യകൾ,PMMVY, പുതുതായി ആരംഭിച്ച ന്യൂട്രീഷൻ ക്ലിനിക്കുകൾ തുടങ്ങിയ ICDS ന്റെ സേവന മേഖലകളെയും ഉൾക്കൊള്ളിച്ചുള്ള pamphlet തയ്യാറാക്കി പ്രിൻറ് ചെയ്ത് എല്ലാ ഗുണഭോക്താക്കൾക്കും വിതരണം ചെയ്യാവുന്നതാണ്. ഇതിലേക്കായി അങ്കണവാടി ഒന്നിന് 300 /- രൂപ വകയിരുത്തുന്നു.

ഇനം നം .4 : **<u>അങ്കണവാടി സേവനങ്ങളെക്കുറിച്ച് കുടുംബശ്രീ അംഗങ്ങൾക്കുള്ള ബ്രോഷർ</u>**

കുടുംബശ്രീ പ്രവർത്തകർ അങ്കണവാടി പ്രവർത്തനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനാൽ ICDS സേവനങ്ങളിലെ സാമൂഹിക പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന് അങ്കണവാടിയും കുടുംബശ്രീയും LSGD യും സംയോജിത പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട് . ആയതിലേക്കായി കേരളത്തിലെ 2.5.ലക്ഷത്തിൽപ്പരം വരുന്ന കുടുംബശ്രീ അംഗങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായുള്ള ഒരു ബ്രോഷർ (ICDS Service in general ) തയ്യാറാക്കി വിതരണം ചെയ്യാവുന്നതാണ് . ഇതിലേക്കായി അങ്കണവാടി ഒന്നിന് 200 /- രൂപ ഫണ്ട് വകയിരുത്തുന്നു .

- **മേൽ വിവരിച്ചിട്ടുള്ള ഇനം നം .3 ,4 IEC ഇനങ്ങളിലെ Brochure .pamphlet layout ചെയ്ത് ഉടൻ ലഭ്യമാക്കുന്നതാണ് .**

IEC പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ വിഹിതമായി ലഭ്യമായിട്ടുള്ള Rs 1,97,83,200/- രൂപയും സംസ്ഥാന സർക്കാർ വിഹിതമായി വകയിരുത്തിയിട്ടുള്ള Rs 1,31,88,800/- ലക്ഷം രൂപയും ഉൾപ്പടെ ആകെ Rs 3,29,72,000/- രൂപ (മൂന്ന് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) വിനിയോഗിച്ച് പ്രസ്തുത IEC പ്രവർത്തനങ്ങൾ നടത്തുന്നതിന് ഓരോ അങ്കണവാടികൾക്കും Rs 1000/- രൂപ ക്രമത്തിൽ ചുവടെ പറയും പ്രകാരം ഓരോ ജില്ലകൾക്കും ആവശ്യമായി വരുന്ന തുക ജില്ലാ വനിത ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു .

| ജില്ലാ തലത്തിൽ IEC പ്രവർത്തനത്തിനായി അനുവദിക്കുന്ന തുക | | | |
|---|---|---|---|
| SI NO | ജില്ല | അങ്കണവാടികളുടെ എണ്ണവും | അനുവദിക്കുന്നതുക (ജില്ലാടിസ്ഥാനത്തിൽ ) |
| 1 | THIRUVANANTHAPURAM | 3061 | 3061000/- |
| 2 | KOLLAM | 2723 | 2710000/- |
| 3 | PATHANAMTHITTA | 1389 | 1389000/- |
| 4 | ALAPPUZHA | 2150 | 2150000/- |
| 5 | KOTTAYAM | 2050 | 2050000/- |
| 6 | IDUKKI | 1561 | 1561000/- |
| 7 | ERNAKULAM | 2858 | 2858000/- |
| 8 | THRISSUR | 3016 | 3016000/- |
| 9 | PALAKKAD | 2835 | 2835000/- |
| 10 | MALAPPURAM | 3808 | 3808000/- |
| 11 | WAYANAD | 874 | 874000/- |
| 12 | KOZHIKKODE | 2938 | 2938000/- |
| 13 | KANNUR | 2374 | 2374000/- |
| 14 | KASARGODE | 1348 | 1348000/- |
| ജില്ലാ തലത്തിൽ IEC പ്രവർത്തനത്തിനായി അനുവദിക്കുന്ന ആകെ തുക | | | 32972000/- |
| ആകെ: മൂന്ന് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം | | | |

.

മേൽ പരാമർശിച്ചിട്ടുള്ള തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-47-34(OC) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. ജില്ലാ വനിത ശിശു വികസന പദ്ധതി ഓഫീസർമാർ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അലോട്ട്മെന്റ് നൽകേണ്ടതും ആയത് 31.01.2021 ന് മുൻപായി വിനിയോഗിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് ശിശു വികസന പദ്ധതി ഓഫീസർമാർ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ് . അങ്കണവാടി തലത്തിൽ IEC പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന ഫണ്ടിന്റെ വിശാദംശം ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിത ശിശു വികസന പദ്ധതി ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും ,

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

<u>പകർപ്പ് :</u>

1. സൂപ്രണ്ട് A സെക്ഷൻ
2. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

| 2020-21 സാമ്പത്തിക വർഷം IEC പ്രവർത്തനത്തിനായി പ്രോജക്ട് തലത്തിൽ അനുവദിക്കുന്ന തുകയുടെ വിശദാംശം | | | | |
|---|---|---|---|---|
| ക്രമ നം | ജില്ല | പ്രോജക്ടിന്റെ പേര് | അങ്കണവാടികളുടെ എണ്ണം | അനുവദിക്കുന്ന തുക(ആയിരം രൂപയിൽ ) |
| 1 | THIRUVANANTHAPURAM | Athiyannur | 113 | 113000/- |
| | | AthiyannurAddl | 94 | 94000/- |
| | | Chirayinkeezhu | 101 | 101000/- |
| | | Chirayinkeezhu Addl | 99 | 99000/- |
| | | Kilimanoor | 113 | 113000/- |
| | | KilimanoorAddl | 113 | 113000/- |
| | | Nedumangaud | 111 | 111000/- |
| | | NedumangaudAddl | 112 | 112000/- |
| | | Nemom | 113 | 113000/- |
| | | NemomAddl | 145 | 145000/- |
| | | Parassala | 199 | 199000/- |
| | | Perumkadavila | 116 | 116000/- |
| | | Perumkadavila Addl | 98 | 98000/- |
| | | Pothencodu | 175 | 175000/- |
| | | TVPM Urban 1 | 177 | 177000/- |
| | | TVPM Urban II | 175 | 175000/- |
| | | TVPM Urban III | 165 | 165000/- |
| | | TVPM Urban IV | 166 | 166000/- |
| | | Vamanapuram | 106 | 106000/- |
| | | Vamanapuram Addl | 127 | 127000/- |
| | | Varkala | 109 | 109000/- |
| | | Varkala Addl | 90 | 90000/- |
| | | Vellanad | 130 | 130000/- |
| | | Vellanad Addl | 114 | 114000/- |
| | | TOTAL | 3061 | 3061000/- |
| 2 | KOLLAM | Anchal | 121 | 121000/- |
| | | Anchal Addl | 118 | 118000/- |
| | | Anchalummoodu * | 119 | 106000/- |
| | | Chadayamangalam | 124 | 124000/- |
| | | Chadayamangalam addl | 121 | 121000/- |
| | | Chavara | 166 | 166000/- |
| | | Chittumala | 80 | 80000/- |
| | | Ithikkara | 193 | 193000/- |
| | | Karunagappally | 121 | 121000/- |
| | | Kollam Urban-I | 189 | 189000/- |
| | | Kollam Urban-II | 179 | 179000/- |
| | | kollam Urban -III (punalu | 74 | 74000/- |
| | | Kottarakkara | 177 | 177000/- |
| | | Mukhathala | 100 | 100000/- |
| | | Mukhathala Addl | 124 | 124000/- |
| | | Oachira | 132 | 132000/- |
| | | Pathanapuram | 185 | 185000/- |
| | | Sasthamkotta | 106 | 106000/- |
| | | Sasthamkotta Addl | 93 | 93000/- |
| | | Vettikavala | 99 | 99000/- |
| | | Vettikavala Addl | 102 | 102000/- |
| | | TOTAL | 2723 | 2710000/- |

*2019-2020 സാമ്പത്തിക വർഷം IEC പ്രവർത്തനങ്ങൾക്കായി അങ്കണവാടി തലത്തിൽഅനുവദിച്ച തുകയിൽ കൊല്ലം അഞ്ചാലുമൂട് ICDS Rs .13000 /- രൂപ ചെലവഴിച്ചിട്ടുണ്ട് . ആയതിനാൽ പ്രസ്തുത അങ്കണവാടികളിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിജപ്പെടുത്തി IEC പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ് .

| | | | | |
|---|---|---|---|---|
| 3 | PATHANAMTHITTA | Parakode | 111 | 111000/- |
| | | Parakode Addl | 109 | 109000/- |
| | | Pandalam | 110 | 11000/- |
| | | Pandalam II | 91 | 91000/- |
| | | Pulikkeezhu | 155 | 155000/- |
| | | Elanthur | 118 | 118000/- |
| | | Ranni | 119 | 119000/- |
| | | Ranni Addl | 107 | 107000/- |
| | | Konni | 95 | 95000/- |
| | | Konni Addl | 107 | 107000/- |
| | | Mallappally | 133 | 133000/- |
| | | Koipram | 134 | 134000/- |
| | | TOTAL | 1389 | 1389000/- |
| 4 | ALAPPUZHA | Thycattussery | 120 | 120000/- |
| | | Pattanakad | 192 | 192000/- |
| | | Ambalappuzha | 136 | 136000/- |
| | | Alappuzha(u) | 177 | 177000/- |
| | | Haripad | 149 | 149000/- |
| | | Kanjikuzhi | 99 | 99000/- |
| | | Champakulam | 134 | 134000/- |
| | | Muthukulam | 122 | 122000/- |
| | | Mavelikkara | 183 | 183000/- |
| | | Bharanikkavu | 173 | 173000/- |
| | | Chengannur | 174 | 174000/- |
| | | Ariad | 156 | 156000/- |
| | | Veliyanad | 105 | 105000/- |
| | | Muthukulam Addl | 132 | 132000/- |
| | | Kanjikkuzhi Addl | 98 | 98000/- |
| | | TOTAL | 2150 | 2150000/- |
| 5 | KOTTAYAM | Lalam | 140 | 140000/- |
| | | Pampadi | 193 | 193000/- |
| | | Madappally | 102 | 102000/- |
| | | Madappally Addl | 110 | 110000/- |
| | | Kanjirappally | 117 | 117000/- |
| | | Kanjirappally Addl | 118 | 118000/- |
| | | Vaikom | 141 | 141000/- |
| | | Pallam | 171 | 171000/- |
| | | Pallam Addl | 134 | 134000/- |
| | | Vazhoor | 146 | 146000/- |
| | | Kaduthuruthy | 143 | 143000/- |
| | | Uzhavoor | 166 | 166000/- |
| | | Ettumanoor | 107 | 107000/- |
| | | Ettumanoor Addl | 117 | 117000/- |
| | | Erattupetta | 145 | 145000/- |
| | | TOTAL | 2050 | 2050000/- |

| | | | | |
|---|---|---|---|---|
| 6 | IDUKKI | **Adimali** | **110** | **110000/-** |
| | | **Adimali Addl** | **95** | **95000/=** |
| | | **Azhutha** | **136** | **136000/-** |
| | | **Azhutha Addl** | **111** | **111000/-** |
| | | **Devikulam** | **96** | **96000/-** |
| | | **Devikulam Addl** | **117** | **117000/-** |
| | | **Elamdesom** | **140** | **140000/-** |
| | | **Idukki** | **164** | **164000/-** |
| | | **Kattappana** | **145** | **145000/-** |
| | | **Kattappana Addl** | **101** | **101000/-** |
| | | **Nedumkandam** | **115** | **115000/-** |
| | | **Nedunkandam Addl** | **89** | **89000/-** |
| | | **Thodupuzha** | **142** | **142000/-** |
| | | **TOTAL** | **1561** | **1561000/-** |
| 7 | ERNAKULAM | **Alangad** | **164** | **164000/-** |
| | | **Angamali** | **101** | **101000/-** |
| | | **Angamali Addl** | **101** | **101000/-** |
| | | **Edappally** | **101** | **101000/-** |
| | | **Edappally Addl** | **127** | **127000/-** |
| | | **Kothamangalam** | **130** | **130000/-** |
| | | **Kothamangalam Addl** | **106** | **106000/-** |
| | | **Kochi Urban-I** | **136** | **136000/-** |
| | | **Kochi Urban-II** | **130** | **130000/-** |
| | | **Kochi Urban-III** | **101** | **101000/-** |
| | | **Koovappady** | **174** | **174000/-** |
| | | **Mulanthuruthy** | **117** | **117000/-** |
| | | **Mulanthuruthy Addl** | **101** | **101000/-** |
| | | **Muvaattupuzha** | **85** | **85000/-** |
| | | **Muvaattupuzha Addl** | **91** | **91000/-** |
| | | **Palluruthy** | **93** | **93000/-** |
| | | **Parakkadavu** | **167** | **167000/-** |
| | | **Pampakuda** | **122** | **122000/-** |
| | | **North Paravur** | **179** | **179000/-** |
| | | **Vadavucode** | **155** | **155000/-** |
| | | **Vypin** | **127** | **127000/-** |
| | | **Vazhakkulam** | **122** | **122000/-** |
| | | **Vazhakkulam Addl** | **128** | **128000/-** |
| | | **TOTAL** | **2858** | **2858000/-** |

| | | | | |
|---|---|---|---|---|
| 8 | THRISSUR | Anthikkadu | 143 | 143000/- |
| | | Chalakkudy | 91 | 91000/- |
| | | Chalakkudy Addl | 115 | 115000/- |
| | | Chavakkad | 126 | 126000/- |
| | | Chavakkad Addl | 109 | 109000/- |
| | | Cherpu | 97 | 97000/- |
| | | Chowannoor | 125 | 125000/- |
| | | Chowannoor Addl | 124 | 124000/- |
| | | Irinjalakuda | 151 | 151000/- |
| | | Kodakara | 93 | 93000/- |
| | | Kodakara Addl | 121 | 121000/- |
| | | Kodungalloor | 139 | 139000/- |
| | | Mala | 145 | 145000/- |
| | | Mathilakam | 151 | 151000/- |
| | | Mullassery | 100 | 100000/- |
| | | Ollukkara | 157 | 157000/- |
| | | Ollukkara Addl | 116 | 116000/- |
| | | Pazhayannoor | 177 | 177000/- |
| | | Puzhakkal | 180 | 180000/- |
| | | Puzhakkal Addl | 137 | 137000/- |
| | | Thalikkulam | 133 | 133000/- |
| | | Vellangallur | 111 | 111000/- |
| | | Wadakancherry | 175 | 175000/- |
| | | TOTAL | 3016 | 3016000/- |
| 9 | PALAKKAD | Alathur | 101 | 101000/- |
| | | Alathur Addl | 121 | 121000/- |
| | | Attappadi | 175 | 175000/- |
| | | Chittur | 111 | 111000/- |
| | | Chittur Addl | 107 | 107000/- |
| | | Kollengode | 171 | 171000/- |
| | | Kuzhalmannam | 166 | 166000/- |
| | | Malampuzha | 182 | 182000/- |
| | | Mannarkkad | 130 | 130000/- |
| | | Mannarkkad Addl | 154 | 154000/- |
| | | Nenmara | 104 | 104000/- |
| | | Nenmara Addl | 99 | 99000/- |
| | | Ottappalam | 166 | 166000/- |
| | | Ottappalam Addl | 151 | 151000/- |
| | | Palakkad | 159 | 159000/- |
| | | Palakkad Addl | 149 | 149000/- |
| | | Pattambi | 110 | 110000/- |
| | | Pattambi Addl | 106 | 106000/- |
| | | Sreekrishnapuram | 172 | 172000/- |
| | | Thrithala | 111 | 111000/- |
| | | Thrithala Addl | 90 | 90000/- |
| | | TOTAL | 2835 | 2835000/- |

| | | | | |
|---|---|---|---|---|
| 10 | MALAPPURAM | Areacode | 139 | 139000/- |
| | | Areacode Addl | 154 | 154000/- |
| | | Kondotty | 148 | 148000/- |
| | | Kondotty Addl | 128 | 128000/- |
| | | Kuttippuram | 116 | 116000/- |
| | | Kuttippuram Addl | 139 | 139000/- |
| | | Malappuram Rural | 134 | 134000/- |
| | | Malappuram Addl | 124 | 124000/- |
| | | Malappuram Urban | 157 | 157000/- |
| | | Mankada | 185 | 185000/- |
| | | Nilambur | 97 | 97000/- |
| | | Nilambur Addl | 119 | 119000/- |
| | | Kalikavu | 112 | 112000/- |
| | | Kalikavu Addl | 98 | 98000/- |
| | | Perinthalmanna | 134 | 134000/- |
| | | Perinthalmanna Addl | 162 | 162000/- |
| | | Perumpadappa | 158 | 158000/- |
| | | Ponnani | 122 | 122000/- |
| | | Ponnani Addl | 83 | 83000/- |
| | | Tanur | 130 | 130000/- |
| | | Tanur Addl | 136 | 136000/- |
| | | Tirur | 108 | 108000/- |
| | | Tirur Addl | 148 | 148000/- |
| | | Tirurangadi | 149 | 149000/- |
| | | Tirurangadi Addl | 154 | 154000/- |
| | | Vengara | 117 | 117000/- |
| | | Vengara Addl | 114 | 114000/- |
| | | Wandoor | 115 | 115000/- |
| | | Wandoor Addl | 128 | 128000/- |
| | | TOTAL | 3808 | 3808000/- |
| 11 | WAYANAD | Kalpatta | 130 | 130000/- |
| | | Kalpatta Addl | 132 | 132000/- |
| | | S.Bathery | 117 | 117000/- |
| | | S.Bathery Addl | 87 | 87000/- |
| | | Panamaram | 74 | 74000/- |
| | | Panamaram Addl | 103 | 103000/- |
| | | Mananthavady | 131 | 131000/- |
| | | Mananthavady Addl | 100 | 100000/- |
| | | TOTAL | 874 | 874000/- |

| | | | | |
|---|---|---|---|---|
| 12 | KOZHIKODE | Balusserry | 112 | 112000/- |
| | | Balusserry Addl | 105 | 105000/- |
| | | Chelannur | 172 | 172000/- |
| | | Koduvalli | 152 | 152000/- |
| | | Koduvalli Addl | 148 | 148000/- |
| | | Kozhikkodu Rural | 180 | 180000/- |
| | | Kunnamangalam | 184 | 184000/- |
| | | Kunnamangalam Addl | 117 | 117000/- |
| | | Kunnummal | 175 | 175000/- |
| | | Melady | 130 | 130000/- |
| | | Panthalayani | 116 | 116000/- |
| | | Panthalayani Addl | 98 | 98000/- |
| | | Perambra | 171 | 171000/- |
| | | Thodannur | 133 | 133000/- |
| | | Tunery | 194 | 194000/- |
| | | Vadakara | 124 | 124000/- |
| | | Vadakara Urban | 84 | 84000/- |
| | | Kozhikodu Urban-1 | 133 | 133000/- |
| | | Kozhikodu Urban-2 | 140 | 140000/- |
| | | Kozhikodu Urban-3 | 140 | 140000/- |
| | | Kozhikodu Urban-4 | 130 | 130000/- |
| | | TOTAL | 2938 | 2938000/- |
| 13 | KANNUR | Edakkadu | 111 | 111000/- |
| | | Edakkadu Addl | 125 | 125000/- |
| | | Irikkur | 122 | 122000/- |
| | | Irikkur Addl | 99 | 99000/- |
| | | Iritty | 125 | 125000/- |
| | | Iritty Addl | 104 | 104000/- |
| | | Kalliassery | 78 | 78000/- |
| | | Kalliassery Addl | 110 | 110000/- |
| | | Kannur Rural | 175 | 175000/- |
| | | Kannur Urban | 64 | 64000/- |
| | | Kuthuparamba | 108 | 108000/- |
| | | Kuthuparamba Addl | 95 | 95000/- |
| | | Pannoor | 161 | 161000/- |
| | | Payyannur | 133 | 133000/- |
| | | Payyannur Addl | 134 | 134000/- |
| | | Peravoor | 160 | 160000/- |
| | | Thalassery * | 146 | 76000/- |
| | | Thalassrry Addl * | 118 | 58000/- |
| | | Thaliparambu | 104 | 104000/- |
| | | Thallipamba Addl-I | 95 | 95000/- |
| | | Thallipamba Addl-II | 137 | 137000/- |
| | | TOTAL | 2504 | 2374000/- |

*2019-2020 സാമ്പത്തിക വർഷം IEC പ്രവർത്തനങ്ങൾക്കായി അങ്കണവാടി തലത്തിൽഅനുവദിച്ച തുകയിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി ICDS Rs .70000 /-രൂപയും തലശ്ശേരി അഡിഷണൽ ICDS 60000 /-രൂപയും ചെലവഴിച്ചിട്ടുണ്ട് . ആയതിനാൽ പ്രസ്തുത അങ്കണവാടികളിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിജപ്പെടുത്തി IEC പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ് .

| | | | | |
|---|---|---|---|---|
| 14 | KASARGODE | Neeleswaram | 96 | 96000/- |
| | | Neeleswaram Addl | 105 | 105000/- |
| | | Parappa | 101 | 101000/- |
| | | Parappa Addl | 118 | 118000/- |
| | | Kanhangad | 119 | 119000/- |
| | | Kanhangad Addl | 103 | 103000/- |
| | | Kasaragode | 140 | 140000/- |
| | | Kasaragode Addl | 144 | 144000/- |
| | | Karadka | 92 | 92000/- |
| | | Karadka Addl | 106 | 106000/- |
| | | Manjeswaram | 121 | 121000/- |
| | | Manjeswaram Addl | 103 | 103000/- |
| | | TOTAL | 1348 | 1348000/- |
| | | **GRAND TOTAL** | **33115** | **3,29,72,000/-** |

ആകെ=32972000/-രൂപ(മൂന്ന് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം)

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി